ഉത്തരം

(എ) 24–5–1982 മുതൽ 28–2–1986 വരെ 407 ബലാൽസംഗ കേസുകൾ ഉണ്ടായിട്ടുണ്ട്. ബാക്കി വിവരം ശേഖരിച്ചു വരുന്നു.

(ബി, സി, ഡി, ഇ) വിവരം ശേഖരിച്ചു വരുന്നു.

(എഫ്) ഉണ്ട്.

(ജി, എച്ച്, ഐ) വിവരം ശേഖരിച്ചു വരുന്നു.

(ജെ, കെ, എൽ, എം) വിവരം ശേഖരിച്ചു വരുന്നു.

(എൻ) ഉണ്ട്.

(ഒ, പി) വിവരം ശേഖരിച്ചു വരുന്നു.

മോഷണങ്ങൾ

44 [52] ശ്രീ. സി.ടി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം 1986 മേയ് 30 വരെ സംസ്ഥാനത്താകെ നടന്ന മോഷണങ്ങൾ എത്ര;

(ബി) ആകെ നടന്ന വിഗ്രഹ മോഷണങ്ങൾ എത്ര;

(സി) ഹിന്ദു, മുസ്ലീം, ക്രൈസ്തവൻ ദേവാലയങ്ങളിൽ ഓരോന്നിലും നടന്ന മോഷണ കേസുകൾ എത്രവീതമെന്ന് പ്രത്യേകം പ്രത്യേകം ആയി വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2650 (ഇടുക്കി ജില്ല ഒഴികെ)

(ബി) 52

(സി) ഹിന്ദു ദേവാലയങ്ങളിൽ —720

ക്രൈസ്തവൻ ദേവാലയങ്ങളിൽ—93

മുസ്ലീം ദേവാലയങ്ങളിൽ—267

(ഇടുക്കി ജില്ല ഒഴികെ)

വാഹന മോഷണക്കേസ്സുകൾ

45 [53] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം 31–5–1986 വരെ വാഹനമോഷണം നടത്തിയതിൻെറ പേരിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഈ മോഷണത്തിനിടയിൽ മരണപ്പെട്ടവർ എത്രയാണ്;

(സി) വാഹന മോഷണക്കേസ്സുകളുടെ പേരിൽ ശിക്ഷിക്കപ്പെട്ട എത്രപേർ ഇപ്പോൾ ജയിലിൽ ഉണ്ട്;

(ഡി) വാഹനമോഷണം നടന്ന കേസുകളിൽ ഇനിയും വാഹനങ്ങൾ കണ്ടെടുക്കാത്തതെത്ര;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) വാഹന മോഷണ കേസുകൾ പ്രത്യേകമായി കണ്ടു പിടിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) 427 കേസുകൾ

(ബി) 3 പേർ

(സി) 19

(ഡി) 165

(ഇ) ക്രൈം ബ്രാഞ്ചിൽ ഒരു സ്പെഷ്യൽ സെൽ പ്രവർത്തിക്കുന്നു.

ക്ഷേത്ര മോഷണങ്ങൾ

46 [54] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1982 മേയ് 24 മുതൽ 1986 മേയ് 24 വരെയുള്ള 4 വർഷത്തിനിടയിൽ സംസ്ഥാനത്ത് എത്ര ക്ഷേത്ര മോഷണങ്ങൾ നടന്നിട്ടുണ്ട്;

(ബി) എത്ര കേസുകളിൽ ഇതിനകം പ്രതികളെ പിടികിട്ടിയിട്ടുണ്ട്;

(സി) ഇതിൽ ഗുരുവായൂർ ക്ഷേത്രത്തിലെ വിഗ്രഹത്തിൽ നിന്ന് മാലകൾ മോഷ്ടിച്ച കേസ് ഉൾപ്പെടുമോ;

(ഡി) ഈ കേസ് തെളിയിക്കാൻ എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) 792

(ബി) വിവരം ശേഖരിച്ച് വരുന്നു.

(സി) ഉൾപ്പെടും.

(ഡി) കേസിന്റെ അന്വേഷണം ക്രൈം ബ്രാഞ്ചിനെ ഏൽപ്പിച്ചിട്ടുണ്ട്.

ആരാധനാലയങ്ങളിലെ മോഷണം

47 [55] ശ്രീ. എം.വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ ക്ഷേത്രങ്ങളിലും പള്ളികളിലും നടന്ന മോഷണങ്ങൾ എത്ര;

(ബി) ഇതിൽ എത്ര കേസുകൾ ചാർജ് ചെയ്തു;

(സി) തെളിയിക്കപ്പെട്ട കേസുകൾ എത്ര?

ഉത്തരം

(എ) 1204

(ബി) 207

(സി) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly